LIBRARY ARCHIVES Kerala Legislative Assembly

**പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

36 (1021) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും, വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കാൻവേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻവേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7,445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
3. ജില്ലാ ക്ലസ്റ്റർ വികസനം
4. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം.
5. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
6. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
7. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം

LIBRARY ARCHIVES Kerala Legislative Assembly

8. നഴ്സറികൾ സ്ഥാപിക്കൽ

9. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ

10. മഴമറ നിർമ്മാണം

11. സേഫ്-ടു-ഈറ്റ്

12. സുഭിക്ഷ കേരളം പദ്ധതി

13. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം.

(ബി) പച്ചക്കറി ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള വലിയ അന്തരം ഒഴിവാക്കുന്നതിനായി പ്രത്യേക കർമ്മ പദ്ധതികൾ തയ്യാറാക്കി പ്രാവർത്തികമാക്കാൻ സർക്കാർ തയ്യാറാകുമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി ഓണക്കാല വിഷരഹിത പച്ചക്കറികൾ വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ഘടകം നടപ്പിലാക്കിവരുന്നു. ഇതിൽ 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 150 ലക്ഷം പച്ചക്കറി തൈകളും കർഷകർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധസംഘടനകൾ, മാധ്യമങ്ങൾ എന്നിവർക്കായി സൗജന്യമായി വിതരണം ചെയ്യുന്നു. ഇത് കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക പരിഗണനയിലുള്ള (പ്രയോറിറ്റി പ്രോഗ്രാം) പദ്ധതികളിൽ ഉൾപ്പെടുത്തി മഴമറയിലെ പച്ചക്കറി കൃഷിക്ക് പ്രധാന്യം നൽകുന്നു. ഇതുവഴി വർഷത്തിലുടനീളം പച്ചക്കറി കൃഷി നടപ്പിലാക്കാൻ സാധിക്കുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി പച്ചക്കറി വികസന പദ്ധതിയിൽ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 625 ഹെക്ടർ തരിശ്ശു നിലത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) കാർഷിക കർമ്മസേനകളുടെ സഹായത്തോടെ എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർബന്ധമാക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ തയ്യാറാവുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.